**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1285** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടയം ലഭിക്കുന്നതിലെ കാലതാമസം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഫൈസൽ ബാബു

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് പട്ടയത്തിനായി അപേക്ഷ സമർപ്പിച്ച് അർഹത നേടിയിട്ടും വിവിധ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിനുള്ള കാലതാമസം മൂലം പട്ടയം ലഭിക്കാതെ കാത്തിരിക്കുന്ന അപേക്ഷകർക്ക് സമയബന്ധിതമായി പട്ടയം ലഭ്യമാക്കുന്നതിനായി നിലവിലുള്ള നടപടിക്രമങ്ങൾ കൂടുതൽ ലളിതമാക്കുന്നതിനും ജില്ലാതലത്തിൽ പ്രത്യേക പരിശോധന നടത്തി തീർപ്പാക്കേണ്ട പട്ടയ അപേക്ഷകൾക്ക് സമയപരിധി നിശ്ചയിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് പട്ടയത്തിനായി അപേക്ഷ സമർപ്പിച്ച് അർഹത നേടിയിട്ടുള്ളവർക്ക് പട്ടയമേളകളിലൂടെ പട്ടയം നൽകി വരുന്നു. പട്ടയം നൽകുന്നതിന് സാധാരണയായി കാലതാമസം ഉണ്ടാകുന്നത് പതിവിന് വിധേയമല്ലാത്ത ഭൂമികളിൽ (കുളം, പുഴ, വനഭൂമി തുടങ്ങിയവ) താമസിക്കുന്നവർ പ്രസ്തുത ഭൂമി പതിച്ചു നൽകുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾക്കാണ്. ഇപ്രകാരമുള്ള ഭൂമികളിൽ താമസിക്കുന്നവർ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നുണ്ട്. പട്ടയ വിതരണം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**